**മധുരമായ കുട്ടികളേ- നിരന്തരമായ ഓർമ്മയുണ്ടായിരിക്കണം അതായത് നമ്മുടെ ബാബ അച്ഛനുമാണ്, ടീച്ചറുമാണ്, സദ്ഗുരുവുമാണ്, ഈ ഓർമ്മ തന്നെയാണ് മൻമനാഭവ.**

**ചോദ്യം –** മായയുടെ പൊടി കണ്ണിൽ പെടുമ്പോൾ ഏറ്റവും ആദ്യം ചെയ്യുന്ന തെറ്റ് ഏതാണ്?

**ഉത്തരം –** മായ ആദ്യം ചെയ്യിപ്പിക്കുന്ന തെറ്റാണ് പഠിപ്പിൽ നിന്നും മാറ്റി നിർത്തും. ഭഗവാൻ പഠിപ്പിക്കുകയാണ്, ഇത് മറപ്പിക്കും. ബാബയുടെ കുട്ടികൾ തന്നെ ബാബയുടെ പഠിപ്പ് ഉപേക്ഷിക്കും, ഇത് അത്ഭുതമാണ്. അല്ലെങ്കിൽ ഈ ജ്ഞാനം അത്തരത്തിലുള്ളതാണ് അത് ഉള്ളിന്റെയുള്ളിൽ സന്തോഷം കൊണ്ട് നൃത്തം ചെയ്യും. പക്ഷേ മായയുടെ പ്രഭാവം നിസ്സാരമല്ല. അത് പഠിപ്പിനെ തന്നെ ഉപേക്ഷിപ്പിക്കും. പഠിപ്പ് ഉപേക്ഷിച്ചു അർത്ഥം ആബ്സന്റ് ആയി.

**ഓം ശാന്തി.** ആത്മീയ അച്ഛൻ ആത്മീയ കുട്ടികൾക്ക് മനസ്സിലാക്കിത്തരികയാണ്. മനസ്സിലാക്കി തരുന്നത് അവർക്കാണ് ആരാണോ കുറച്ച് മാത്രം മനസ്സിലാക്കിയിരിക്കുന്നത്. ചിലർ വളരെ വിവേകശാലിയായി മാറുന്നുണ്ട്. കുട്ടികൾക്കറിയാം ഈ ബാബ വളരെ വണ്ടർഫുള്ളാണ്. ഇവിടെ നിങ്ങൾ ഇരിക്കുമ്പോഴും ഉള്ളിൽ മനസ്സിലാക്കണം, ബാബ നമുക്ക് പരിധിയില്ലാത്ത പിതാവാണ്, പരിധിയില്ലാത്ത ടീച്ചറുമാണ്. പരിധിയില്ലാത്ത പഠിപ്പാണ് നൽകുന്നത്. സൃഷ്ടിയുടെ ആദി മദ്ധ്യ അന്ത്യത്തിന്റെ രഹസ്യം മനസ്സിലാക്കിത്തരുന്നു. വിദ്യാർത്ഥികളുടെ ബുദ്ധിയിൽ ഈ ജ്ഞാനം ഉണ്ടായിരിക്കണമല്ലോ. പിന്നീട് കൂടെക്കൊണ്ടുപോകും. ബാബയ്ക്കറിയാം ഇത് പഴയ മോശമായ ലോകമാണ്, ഇവിടെനിന്നും കുട്ടികളെ കൂടെക്കൊണ്ടുപോകണം. എവിടേക്ക്? വീട്ടിലേക്ക്. എങ്ങിനെയാണോ കന്യക വിവാഹം കഴിഞ്ഞാൽ പതിയുടെ വീട്ടുകാർ വന്ന് അവരുടെ വീട്ടിലേക്ക് കൊണ്ടുപോകുന്നത്. ഇപ്പോൾ നിങ്ങൾ ഇവിടെയിരിക്കുന്നു. ബാബ മനസ്സിലാക്കിത്തരികയാണ് കുട്ടികളുടെ ഉള്ളിൽ തീർച്ചയായും ഉണ്ടാകണം നമുക്ക് ബാബ പരിധിയില്ലാത്ത പിതാവാണ്, പരിധിയില്ലാത്ത പഠിപ്പും നൽകുന്നു. ബാബ എത്ര ഉന്നതനാണോ അത്രയും പഠിപ്പും വളരെ ഉയർന്നതും പരിധിയില്ലാത്തതുമാണ് നൽകുന്നത്. രചനയുടെ ആദി മദ്ധ്യ അന്ത്യത്തിന്റെ രഹസ്യം കുട്ടികളുടെ ബുദ്ധിയിലുണ്ട്. കുട്ടികൾക്കറിയാം ബാബ ഈ മോശമായ ലോകത്തിൽനിന്നും നമ്മളെ കൂടെക്കൊണ്ടുപോകും. ഇത് ഉള്ളിൽ ഓർമ്മിക്കുന്നതുതന്നെയാണ് മൻമനാഭവ. നടക്കുമ്പോഴും കറങ്ങുമ്പോഴും എഴുന്നേൽക്കുമ്പോഴും ഇരിക്കുമ്പോഴും ബുദ്ധിയിൽ ഈ ഓർമ്മയുണ്ടായിരിക്കണം. അത്ഭുതകരമായ വസ്തുവിനെ ഓർമ്മിക്കാറുണ്ടല്ലോ. നിങ്ങൾക്കറിയാം നല്ലരീതിയിൽ പഠിക്കുന്നതിലൂടെ, ഓർമ്മിക്കുന്നതിലൂടെ നമ്മൾ വിശ്വത്തിന്റെ അധികാരിയായിമാറും. ഇത് തീർച്ചയായും ബുദ്ധിയിൽ വെക്കണം. ആദ്യം ബാബയെ ഓർമ്മിക്കണം. ടീച്ചറെ പിന്നെയാണ് ലഭിക്കുന്നത്. കുട്ടികൾക്കറിയാം നമ്മുടേത് പരിധിയില്ലാത്ത ആത്മീയ പിതാവാണ്. സഹജമായി ഓർമ്മിക്കുന്നതിനുവേണ്ടി ബാബ യുക്തികൾ പറഞ്ഞുതരികയാണ്-എന്നെ മാത്രം ഓർമ്മിക്കൂ. ഈ ഓർമ്മയിലൂടെയാണ് പകുതി കൽപ്പത്തേക്ക് വികർമ്മം വിനാശമാകുന്നത്. പാവനമായി മാറുന്നതിനുവേണ്ടി നിങ്ങൾ ജന്മജന്മങ്ങളായി ഭക്തിയും, ജപവും, തപവും ഇവയെല്ലാം ചെയ്തിരുന്നു. ക്ഷേത്രങ്ങളിൽ പോകുമ്പോഴും, ഭക്തി ചെയ്യുമ്പോഴും മനസ്സിലാക്കിയിരുന്നു പരമ്പരയായി ഇതെല്ലാം ചെയ്തുകൊണ്ടുവന്നതാണ്. ശാസ്ത്രങ്ങൾ എപ്പോൾ മുതലാണ് കേൾക്കാനാരംഭിച്ചത്? പരമ്പരയായി കേൾക്കുന്നു എന്നു പറയും. മനുഷ്യർക്ക് ഒന്നും അറിയുന്നില്ല. സത്യയുഗത്തിൽ ശാസ്ത്രങ്ങളില്ല. നിങ്ങൾ കുട്ടികൾ അത്ഭുതപ്പെടണം. ബാബയ്ക്കല്ലാതെ ഈ കാര്യങ്ങൾ വേറെയാർക്കും മനസ്സിലാക്കിത്തരാൻ സാധിക്കില്ല. ബാബ പിതാവാണ്, ടീച്ചറാണ്, സദ്ഗുരുവുമാണ്. ബാബ നമ്മുടേതാണ്. ബാബക്ക് മാതാവോ പിതാവോ ഇല്ല. ആർക്കെങ്കിലും പറയാൻ സാധിക്കുമോ ശിവബാബ ആരുടെ കുട്ടിയാണ്. ബുദ്ധിയിൽ ഈ കാര്യം ഇടക്കിടെ ഓർമ്മയുണ്ടാകുന്നതുതന്നെയാണ് മൻമനാഭവ. ടീച്ചർ പഠിപ്പിക്കുകയാണ്. പക്ഷേ ബാബ സ്വയം എവിടെനിന്നും പഠിക്കുന്നില്ല. ബാബയെ ആരും പഠിപ്പിക്കുന്നില്ല. ബാബ നോളേജ്ഫുള്ളാണ്, മനുഷ്യസൃഷ്ടിയുടെ ബീജരൂപനാണ്, ജ്ഞാനത്തിന്റെ സാഗരനാണ്. ചൈതന്യമായതുകാരണം എല്ലാം കേൾപ്പിക്കുന്നു. ബാബ പറയുന്നു – കുട്ടികളേ, ഞാൻ ഈ ശരീരത്തിലേക്ക് പ്രവേശിച്ചുകൊണ്ട് ഈ ശരീരത്തിലൂടെ ഞാൻ നിങ്ങൾക്ക് ആദി മുതൽ ഈ സമയം വരെയുള്ള എല്ലാ രഹസ്യവും മനസ്സിലാക്കിത്തരികയാണ്. അന്തിമത്തിലുള്ളത് പിന്നീട് പറയും. ആ സമയം നിങ്ങൾക്ക് മനസ്സിലാക്കാൻ സാധിക്കും- അന്തിമസമയം വന്നു. കർമ്മാതീതാവസ്ഥയിൽ എത്തുന്നതും നമ്പർവൈസായിരിക്കും. ലക്ഷണങ്ങളെല്ലാം നിങ്ങൾ കാണും. പഴയ സൃഷ്ടിക്ക് വിനാശമുണ്ടാകും. അനേക പ്രാവശ്യം കണ്ടതാണ്. ഇനിയും കാണാനുള്ളതാണ്. പഠിക്കുന്നതും കഴിഞ്ഞ

കൽപം പഠിച്ചതുപോലെത്തന്നെയാണ്. രാജ്യം നേടി പിന്നീട് നഷ്ടപ്പെടുത്തി വീണ്ടും നേടിക്കൊണ്ടിരിക്കുകയാണ്. ബാബ വീണ്ടും പഠിപ്പിച്ചുകൊണ്ടിരിക്കുകയാണ്. എത്ര സഹജമാണ്. നിങ്ങൾ കുട്ടികൾ മനസ്സിലാക്കി, നമ്മൾ സത്യം സത്യമായ വിശ്വത്തിന്റെ അധികാരിയായിരുന്നു. വീണ്ടും ബാബ വന്ന് നമുക്ക് അതേ ജ്ഞാനം തന്നുകൊണ്ടിരിക്കുകയാണ്. ബാബ ഉപദേശം നൽകുകയാണ്, ഇങ്ങിനെ ഇങ്ങിനെ ഉള്ളിൽ ജ്ഞാനം നടന്നുകൊണ്ടിരിക്കണം.

ബാബ നമ്മുടെ പിതാവുമാണ്, ടീച്ചറുമാണ്. എന്താ ടീച്ചറെ എപ്പോഴെങ്കിലും മറക്കാറുണ്ടോ! ടീച്ചറിലൂടെ പഠിപ്പ് പഠിച്ചുകൊണ്ടിരിക്കുകയാണ്. ചില ചില കുട്ടികളെ കൊണ്ട് മായ വളരെ തെറ്റുകൾ ചെയ്യിപ്പിക്കുന്നു. പൊടുന്നനെ കണ്ണിൽ പൊടിയിടും. പഠിപ്പ് ഉപേക്ഷിക്കും. ഭഗവാൻ പഠിപ്പിക്കുകയാണ്, ഇങ്ങനെയുള്ള പഠിപ്പിനെ ഉപേക്ഷിക്കാറുണ്ട്! പഠിപ്പ് മുഖ്യമാണ്. അതും ആരാണ് ഉപേക്ഷിക്കുന്നത്? ബാബയുടെ കുട്ടികൾ. കുട്ടികളുടെ ഉള്ളിൽ എത്ര സന്തോഷമുണ്ടായിരിക്കണം. ബാബ നോളേജ് ഓരോ കാര്യത്തിലും നൽകുന്നു. എന്താണോ കൽപകൽപ്പം നൽകിയത്. ബാബ പറയുകയാണ് കുറഞ്ഞത് ഈ രീതിയിലെങ്കിലും എന്നെ ഓർമ്മിക്കൂ. കൽപകൽപ്പം നിങ്ങളാണ് മനസ്സിലാക്കിയതും ധാരണ ചെയ്തിരുന്നതും. ബാബക്ക് വേറൊരു പിതാവില്ല, ബാബതന്നെ പരിധിയില്ലാത്ത പിതാവാണ്. വണ്ടർഫുള്ളായ ബാബയല്ലേ. എനിക്ക് പിതാവുണ്ടോ പറയൂ? ശിവബാബ ആരുടെ കുട്ടിയാണ്? ഈ പഠിപ്പ് വണ്ടർഫുള്ളാണ്. ഈ സമയത്തല്ലാതെ വേറെ സമയങ്ങളിൽ പഠിക്കുന്നില്ല. അതും കേവലം നിങ്ങൾ ബ്രാഹ്മണരാണ് പഠിച്ചുകൊണ്ടിരിക്കുന്നത്. നിങ്ങൾക്കറിയാം ബാബയെ ഓർമ്മിച്ചോർമ്മിച്ച് നമ്മൾ പാവനമായി മാറും. അല്ലെങ്കിൽ ശിക്ഷകളനുഭവിക്കേണ്ടിവരും. ഗർഭജയിലിൽ വളരെ ശിക്ഷകളനുഭവിക്കേണ്ടിവരും. ധർമ്മരാജനിരിക്കുന്നുണ്ട്. എല്ലാ സാക്ഷാത്കാരങ്ങളും ഉണ്ടാകും. സാക്ഷാത്കാരമില്ലാതെ ആർക്കും ശിക്ഷ നൽകാൻ സാധിക്കില്ല. അല്ലെങ്കിൽ ആശയക്കുഴപ്പം വരില്ലേ ഈ ശിക്ഷ എന്തിനാണ് നമുക്ക് ലഭിക്കുന്നത്? ബാബയ്ക്കറിയാം ഇവർ ഈ പാപം ചെയ്തിരുന്നു, ഈ തെറ്റ് ചെയ്തിരുന്നു. എല്ലാ സാക്ഷാത്കാരവും ചെയ്യിപ്പിക്കും. ആ സമയത്ത് ഇങ്ങനെയുള്ള ഫീലിംഗ് ഉണ്ടാകും, എത്രയോ ജന്മങ്ങളുടെ ശിക്ഷ ലഭിച്ചുകൊണ്ടിരിക്കുകയാണ്. ഇത് എല്ലാ ജന്മങ്ങളുടേയും അന്തസ്സ് നഷ്ടപ്പെടുകയാണ്. ബാബ പറയുകയാണ് മധുരമധുരമായ കുട്ടികൾക്ക് പുരുഷാർത്ഥം നല്ലരീതിയിൽ ചെയ്യണം. 16 കലാ സമ്പൂർണ്ണരായി മാറുന്നതിനുവേണ്ടി ഓർമ്മയുടെ പരിശ്രമം ചെയ്യണം. നോക്കണം ഞാൻ ആർക്കും ദുഃഖം കൊടുക്കുന്നില്ലല്ലോ? സുഖദാതാവായ ബാബയുടെ കുട്ടികളല്ലേ നമ്മൾ? നല്ല പൂക്കളായി മാറണം. ഈ പഠിപ്പാണ് നിങ്ങൾ കൂടെക്കൊണ്ടുപോകുന്നത്. പഠിപ്പിലൂടെ മനുഷ്യൻ വക്കീൽ ഒക്കെയായി മാറും. ബാബയുടെ ഈ നോളേജ് വേറിട്ടതാണ്, സത്യമാണ്. ഇതാണ് ഗുപ്തമായ പാണ്ഡവ ഗവൺമെന്റ്. നിങ്ങൾക്കല്ലാതെ മറ്റാർക്കും ഇത് മനസ്സിലാക്കാൻ സാധിക്കില്ല. ഈ പഠിപ്പ് അത്ഭുതമാണ്. ആത്മാവാണ് കേൾക്കുന്നത്. ബാബ വീണ്ടും വീണ്ടും മനസ്സിലാക്കിത്തരികയാണ് – പഠിപ്പ് ഒരിക്കലും ഉപേക്ഷിക്കരുത്. മായ പഠിപ്പിൽനിന്നും അകറ്റിനിർത്തും. ബാബ പറയുകയാണ് അങ്ങിനെ ചെയ്യരുത്, പഠിപ്പ് ഉപേക്ഷിക്കരുത്. ബാബയുടെ അടുത്ത് റിപ്പോർട്ട് എത്തുന്നുണ്ടല്ലോ. രജിസ്റ്ററിലൂടെ എല്ലാം അറിയാൻ കഴിയും. എത്ര ദിവസം ആബ്സന്റായിരുന്നു. പഠിപ്പ് ഉപേക്ഷിച്ചാൽ ബാബയെത്തന്നെ മറക്കും. വാസ്തവത്തിൽ ഇത് മറക്കേണ്ട ഒരു വസ്തുവല്ല. വണ്ടർഫുള്ളായ ബാബയാണ്. മനസ്സിലാക്കിത്തരുന്നുമുണ്ട്. ഇതൊരു കളിയാണ്. കളിയുടെ കാര്യം ആരെയെങ്കിലും കേൾപ്പിക്കുന്നതിലൂടെ പെട്ടെന്ന് ഓർമ്മ വരാറില്ലേ. ഒരിക്കലും മറക്കാറില്ല. ബാബ തന്റെ അനുഭവം കേൾപ്പിക്കുകയാണ്. കുട്ടിക്കാലത്ത് വൈരാഗ്യത്തിന്റെ ചിന്തകളുണ്ടായിരുന്നു. പറയാറുണ്ടായിരുന്നു. ഈ ലോകത്തിൽ വളരെ ദുഃഖമാണ്. കൈയ്യിൽ കേവലം പത്തായിരം രൂപ ഉണ്ടായാൽ അതിന് 50 രൂപ പലിശ ലഭിക്കും, ഇത്രയും മതി. സ്വതന്ത്രമായിട്ടിരിക്കാം. വീടും കുടുംബവും സംരക്ഷിക്കുക – ഇതൊക്കെ ബുദ്ധിമുട്ടാണ്. പിന്നീടൊരിക്കൽ ഒരു സിനിമ കണ്ടു. സൗഭാഗ്യസുന്ദരിയുടെ... എല്ലാ വൈരാഗ്യവും അതോടെ മുറിഞ്ഞു. പിന്നെ ചിന്തിച്ചു വിവാഹം ചെയ്യണം, ഇത് ചെയ്യണം. മായയുടെ ഒരൊറ്റ പ്രഹരം. അതോടെ എല്ലാ സമ്പാദ്യവും നഷ്ടമായി. ഇപ്പോൾ ബാബ പറയുകയാണ് കുട്ടികളേ ഈ ലോകം തന്നെ നരകമാണ്. അതിൽ വീണ്ടുമൊരു നരകമാണ് സിനിമ. ഇത് കാണുന്നതിലൂടെ എല്ലാവരുടേയും വൃത്തിയും മോശമാകും. പത്രം വായിക്കും, അതിൽ ഭംഗിയുള്ള ചിത്രങ്ങൾ കാണുമ്പോൾ വൃത്തി ആ ഭാഗത്തേക്ക് പോകും–ഇവരെ കാണാൻ ഭംഗിയുണ്ട്. ബുദ്ധിയിൽ വന്നില്ലേ. വാസ്തവത്തിൽ ഈ ചിന്തകൾ പോലും പാടില്ല. ബാബ പറയുകയാണ് ഈ ലോകം അവസാനിക്കാനുള്ളതാണ്. അതുകൊണ്ട് നിങ്ങൾ എല്ലാം മറന്ന് എന്നെ മാത്രം ഓർമ്മിക്കൂ. ഇങ്ങിനെയുള്ള ചിത്രങ്ങൾ എന്തിന് കാണണം? ഇതെല്ലാ കാര്യങ്ങളും വൃത്തിയെ താഴേക്ക് കൊണ്ടുവരും. ഇവിടെ എന്തെല്ലാം കാണുന്നുവോ ഇതെല്ലാം ശ്മശാനത്തിലേക്കുള്ളതാണ്. ഈ കണ്ണുകൾ കൊണ്ട് കാണുന്നതിനെയൊന്നും തന്നെ ഓർമ്മിക്കാതിരിക്കൂ. ഇതിൽനിന്നും മമത്വം ഉപേക്ഷിക്കൂ. ഈ ശരീരം പഴയതും മോശവുമാണ്. ആത്മാവ് ശുദ്ധമായി മാറുന്നുണ്ടെങ്കിലും ഈ ശരീരം മോശമല്ലേ. ഇതിലേക്ക് എന്തിന് ശ്രദ്ധ പോകണം. ഒരു ബാബയെ മാത്രം

നോക്കണം.

ബാബ പറയുകയാണ്, മധുരമധുരമായ കുട്ടികളേ ലക്ഷ്യം വളരെ ഉയർന്നതാണ്. വിശ്വത്തിന്റെ അധികാരിയായി മാറാൻ മറ്റൊരാൾക്കും പരിശ്രമിച്ചു നോക്കാൻപോലും കഴിയില്ല. മറ്റുള്ളവരുടെ ബുദ്ധിയിൽ ഈ കാര്യം വരില്ല. മായയുടെ പ്രഭാവം നിസ്സാരമല്ല. ഗവേഷകരുടെ ബുദ്ധി എത്ര പ്രവർത്തിക്കുന്നു. നിങ്ങളുടേത് സൈലൻസാണ്, എല്ലാവരും ആഗ്രഹിക്കുന്നുണ്ട് – ഞങ്ങൾക്ക് മുക്തി നേടണം. നിങ്ങളുടെ ലക്ഷ്യമാണ് ജീവന്മുക്തി. ഇതും ബാബയാണ് മനസ്സിലാക്കിത്തരുന്നത്. ഗുരുക്കന്മാർക്ക് ഈ നോളേജ് നൽകാൻ സാധിക്കില്ല. നിങ്ങൾക്ക് ഗൃഹസ്ഥത്തിലിരുന്ന് പവിത്രമായി മാറണം, രാജ്യപദവി നേടണം. ഭക്തിയിൽ വളരെയധികം സമയം പാഴാക്കി. ഇപ്പോൾ മനസ്സിലായി നമ്മൾ എത്ര തെറ്റുകൾ ചെയ്തിരുന്നു. തെറ്റ് ചെയ്ത് ചെയ്ത് വിവേകശൂന്യരും, കല്ലുബുദ്ധികളായി മാറി. കുട്ടികൾക്കറിയാം ഇത് വണ്ടർഫുള്ളായ നോളേജാണ്. ഇതിലൂടെ നമ്മൾ എന്തിൽനിന്ന് എന്തായി മാറുകയാണ്, കല്ലുബുദ്ധിയിൽനിന്ന് പവിഴബുദ്ധി. അപാരമായ സന്തോഷമുണ്ടായിരിക്കണം. നമ്മുടെ ബാബ പരിധിയില്ലാത്ത ബാബയാണ്. ബാബക്ക് പിതാവില്ല. ബാബ ടീച്ചറാണ്, ബാബക്ക് ടീച്ചറില്ല. ചോദിക്കാറില്ലേ എവിടെനിന്ന് പഠിച്ചു! അത്ഭുതപ്പെടാറുണ്ടല്ലോ. വളരെയാളുകൾ മനസ്സിലാക്കുന്നത് ഇത് ഏതോ ഗുരുവിൽനിന്ന് പഠിച്ചതാണ്. ഗുരുവുണ്ടെങ്കിൽ ശിഷ്യന്മാരുമുണ്ടാകില്ലേ. കേവലം ഒരു ശിഷ്യൻ മാത്രമേ ഉണ്ടായിരിക്കുകയുള്ളോ. ഗുരുക്കന്മാർക്ക് അനവധി ശിഷ്യന്മാരുണ്ടാകും. ആഗാഖാൻ എന്ന ഗുരുവിന് നോക്കൂ എത്ര ശിഷ്യരാണ്. ഗുരുക്കന്മാരെ പ്രതി ഉള്ളിൽ എത്ര ഭാവന വെക്കുന്നു, ഗുരുക്കൻമാരെ വജ്രം കൊണ്ട് തുലാഭാരം തൂക്കാറുണ്ട്. നിങ്ങൾക്ക് ഇങ്ങനെയുള്ള സദ്ഗുരുവിനെ ഏതിൽ തൂക്കാൻ സാധിക്കും. ഇത് പരിധിയില്ലാത്ത സദ്ഗുരുവാണ്. ബാബയുടെ തൂക്കം എത്രയാണ്. ഒരു വജ്രം പോലും വെക്കാൻ സാധിക്കില്ല.

ഇങ്ങിനെ ഇങ്ങിനെയുള്ള കാര്യങ്ങൾ നിങ്ങൾ കുട്ടികൾ ചിന്തിക്കണം. ഇതെല്ലാം സൂക്ഷ്മമായ കാര്യങ്ങളാണ്. എല്ലാവരും പറയുന്നുണ്ട് അല്ലയോ ഈശ്വരാ എന്ന്. പക്ഷേ ഇതാരും മനസ്സിലാക്കുന്നില്ല, ബാബ നമുക്ക് പിതാവാണ്, ടീച്ചറാണ്, ഗുരുവാണ്. സാധാരണ രീതിയിലാണ് ബാബ ഇരിക്കുന്നത്. ഗദ്ദിയിൽ ഇരിക്കുന്നത് പോലും മുഖം എല്ലാവരും കാണാൻ വേണ്ടിയാണ്. കുട്ടികളോട് സ്നേഹമാണല്ലോ. ഈ സഹായികളായ കുട്ടികൾ കൂടാതെ സ്ഥാപന നടത്തുക സാധ്യമല്ല. കൂടുതൽ സഹായിക്കുന്ന കുട്ടികളോട് കൂടുതൽ സ്നേഹമുണ്ടായിരിക്കും. കൂടുതൽ സമ്പാദിക്കുന്ന നല്ല കുട്ടികളുണ്ടെങ്കിൽ തീർച്ചയായും ഉയർന്ന പദവി നേടും. അവരിലേക്കും സ്നേഹം പോകും. കുട്ടികളെ കണ്ടുകണ്ട് സന്തോഷിക്കുകയാണ്. ആത്മാവ് വളരെ സന്തോഷിക്കും. കൽപകൽപ്പം കുട്ടികളെ കണ്ട് സന്തോഷിക്കുന്നു. കൽപകൽപ്പം കുട്ടികളാണ് സഹായികളായി മാറുന്നത്. വളരെ സ്നേഹം തോന്നുന്നു. കൽപകൽപ്പങ്ങളിലേക്ക് ഈ സ്നേഹം കൂടിച്ചേരുകയാണ്. എവിടെവേണമെങ്കിലും ഇരിക്കൂ, ബുദ്ധിയിൽ ബാബയുടെ ഓർമ്മയുണ്ടായിരിക്കും. ഇത് പരിധിയില്ലാത്ത ബാബയാണ്, ബാബക്ക് പിതാവില്ല, ടീച്ചറുമില്ല. എല്ലാം ബാബ തന്നെയാണ്. ഇങ്ങനെയുള്ള ബാബയെയാണ് എല്ലാവരും ഓർമ്മിക്കുന്നത്. സത്യയുഗത്തിൽ ആരും ഓർമ്മിക്കുന്നില്ല. 21 ജന്മങ്ങളിലേക്ക് നിങ്ങൾ അക്കരെയെത്തിക്കഴിഞ്ഞു അതിനാൽ നിങ്ങൾക്ക് എത്ര സന്തോഷം വേണം. ധാരാളം, മുഴുവൻ ദിവസവും ബാബയുടെ സേവ ചെയ്യാം. ഇങ്ങനെയുള്ള ബാബയുടെ പരിചയം കൊടുക്കൂ. ബാബയിൽനിന്നും സമ്പത്ത് ലഭിക്കുകയാണ്. ബാബ നമ്മളെ രാജയോഗം പഠിപ്പിക്കുകയാണ്. പിന്നീട് എല്ലാവരേയും കൂടെ കൊണ്ടുപോകുന്നു. മുഴുവൻ ചക്രവും ബുദ്ധിയിലുണ്ട്. ഇങ്ങിനെയുള്ള ചക്രം ആർക്കും ഉണ്ടാക്കാൻ സാധിക്കില്ല. അർത്ഥവും ആർക്കും അറിയുന്നില്ല. നിങ്ങളിപ്പോൾ മനസ്സിലാക്കി – ബാബ നമ്മുടെ പരിധിയില്ലാത്ത പിതാവുമാണ്, പരിധിയില്ലാത്ത രാജ്യവും നൽകുന്നു. കൂടെക്കൊണ്ടുപോകുകയും ചെയ്യുന്നു. ഇങ്ങനെയിങ്ങനെ നിങ്ങൾ മനസ്സിലാക്കിക്കൊടുക്കൂ എങ്കിൽ ആരും സർവ്വവ്യാപിയെന്ന് പറയില്ല. ബാബ പിതാവാണ്, ടീച്ചറാണ്. അങ്ങിനെയുള്ള ആൾ എങ്ങനെ സർവവ്യാപിയാകും.

പരിധിയില്ലാത്ത ബാബ നോളേജ്ഫുള്ളാണ്. മുഴുവൻ സൃഷ്ടിയുടെ ആദി മധ്യ അന്ത്യം അറിയുന്നയാളാണ്. ബാബ കുട്ടികൾക്ക് മനസ്സിലാക്കിത്തരികയാണ് – പഠിപ്പ് മറക്കരുത്. ഇത് വളരെ ഉയർന്ന പഠിപ്പാണ്. ബാബ പരംപിതാവാണ്, പരമമായ ടീച്ചറാണ്, പരമമായ ഗുരുവുമാണ്. എല്ലാ ഗുരുക്കന്മാരെയും കൂടെക്കൊണ്ടുപോകുന്നു. ഇങ്ങനെയുള്ള അത്ഭുതകരമായ കാര്യങ്ങൾ കേൾപ്പിക്കണം. പറയൂ ഇത് പരിധിയില്ലാത്ത കളിയാണ്. ഓരോ അഭിനേതാവിനും തന്റേതായ പാർട്ട് ലഭിച്ചിട്ടുണ്ട്. പരിധിയില്ലാത്ത ബാബയിൽനിന്നും നമുക്ക് പരിധിയില്ലാത്ത ചക്രവർത്തി പദവി നേടുന്നു. നമ്മൾ അധികാരിയായിരുന്നു. വൈകുണ്ഡത്തിലുണ്ടായിരുന്നു. വീണ്ടും ഉണ്ടാകും. കൃഷ്ണൻ പുതിയ ലോകത്തിന്റെ

അധികാരിയായിരുന്നു. ഇപ്പോൾ പഴയ ലോകമാണ്. വീണ്ടും പുതിയ ലോകത്തിന്റെ അധികാരിയായി മാറും. ചിത്രത്തിൽ വ്യക്തമാണ്. നിങ്ങൾക്കറിയാം ഇപ്പോൾ നമ്മുടെ കാല് നരകത്തിലും മുഖം സ്വർഗ്ഗത്തിന്റെ ഭാഗത്തേക്കുമാണ്. ഇങ്ങനെ ഓർമ്മിച്ചോർമ്മിച്ച് അന്ത്മതി സോഗതി ആയിത്തീരും. എത്ര നല്ല നല്ല കാര്യങ്ങളാണ് - ഇത് സ്മരിക്കണം. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം

## ധാരണയ്ക്കുളള മുഖ്യമായ സാരം -

1. ഈ കണ്ണുകളിലൂടെ എന്തെല്ലാം കാണുന്നുവോ, അതിൽനിന്നും മമത്വം ഇല്ലാതാക്കണം, ഒരു ബാബയെ മാത്രം നോക്കണം. വൃത്തിയെ ശുദ്ധമാക്കുന്നതിനുവേണ്ടി ഈ മോശമായ ശരീരത്തിലേക്ക് അൽപ്പം പോലും ശ്രദ്ധ പോകരുത്.

2. ബാബ കേൾപ്പിക്കുന്ന വേറിട്ടതും സത്യവുമായ നോളേജ് നല്ല രീതിയിൽ പഠിക്കണം, പഠിപ്പിക്കണം. പഠിപ്പ് ഒരിക്കലും മുടക്കരുത്.

## വരദാനം - ശാന്തിയുടെ ശക്തിയുടെ പ്രയോഗത്തിലൂടെ ഓരോ കാര്യത്തിലും സഹജമായി സഫലത പ്രാപ്തമാക്കുന്ന പ്രയോഗീ ആത്മാവായി ഭവിക്കൂ.

ഇപ്പോൾ സമയത്തിന്റെ പരിവർത്തന പ്രമാണം ശാന്തിയുടെ ശക്തിയുടെ സാധന പ്രയോഗത്തിൽ കൊണ്ട് വന്ന് പ്രയോഗീ ആത്മാവായി മാറൂ. ഏത് പോലെ വാക്കുകളിലൂടെ ആത്മാക്കളിൽ സ്നേഹത്തിന്റെയും സഹയോഗത്തിന്റെയും ഭാവന ഉൽപ്പന്നമാകുന്നുവോ അത് പോലെ ശുഭ ഭാവന, സ്നേഹത്തിന്റെ ഭാവനയുടെ സ്ഥിതിയിൽ സ്ഥിതി ചെയ്യൂ അവരിൽ ശ്രേഷ്ഠ ഭാവനകൾ ഉൽപ്പന്നമാക്കൂ. ഏത് പോലെ ദീപം ദീപത്തെ തെളിയിക്കുന്നു അത് പോലെ താങ്കളുടെ ശക്തിശാലീ ശുഭ ഭാവന മറ്റുള്ളവരിൽ സർവ്വ ശ്രേഷ്ഠ ഭാവന ഉൽപ്പന്നമാക്കും. ഈ ശക്തിയിലൂടെ സ്ഥൂല കാര്യങ്ങളിലും വളരെ സഹജമായി സഫലത പ്രാപ്തമാക്കാൻ സാധിക്കും, ഒന്ന് പരീക്ഷിച്ച് നോക്കൂ.

## സ്ലോഗൻ - സർവ്വരുടേയും സ്നേഹിയാകണമെങ്കിൽ വിടർന്ന റോസാപുഷ്പമായി മാറൂ, വാടി പോകരുത്.